## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3338 22/08/2017-ൽ മറുപടിക്ക്

## മലിനീകരണ നിയന്ത്രണ ബോർഡിലെ ജീവനക്കാർക്ക് സത്യസന്ധമായി പ്രവർത്തിക്കുവാൻ അവസരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ടി. തോമസ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | ദേശീയ ഹരിത ട്രിബ്യൂണൽ ഉത്തരവുപ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാന് പരമാവധി എത്ര തവണ തുടരാം എന്ന് അറിയിക്കാമോ ; സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ നിശ്ചിത കാലാവധിക്ക ശേഷവും പ്രസ്തുത സ്ഥാനത്ത് തുടരുന്നുണ്ടോ; എങ്കിൽ അദ്ദേഹത്തിന്റെ കാലാവധി എന്നു മുതലാണെന്നും അപ്രകാരം തുടരുന്നതിനുള്ള കാരണവും വ്യക്തമാക്കാമോ; | (എ) | OA 318/13 നമ്പരിൽ ദേശീയ ഹരിത ട്രിബ്യൂണലിന്റെ 24-08-2016 ലെ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാന് ഒരു തവണ ആ സ്ഥാനം വഹിക്കാം. 07-12-2010 മുതൽ 02-12-2014 വരെ മൂന്ന് തവണകളായി സർക്കാർ നിയമിച്ച പ്രകാരം ശ്രീ. കെ. സജീവൻ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാനായി തുടർന്നു. 02-12-2015 മുതൽ രണ്ട് വർഷത്തേക്ക് ടിയാന്റെ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ടിയാന്റെ കാലാവധി 01-12-2017 ൽ അവസാനിക്കുന്നതാണ്. ദേശീയ ഹരിത ട്രിബ്യൂണലിന്റെ 04-07-2017 ലെ ഉത്തരവിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാനെതിരെയുള്ള പരാമർശം നീക്കിയതിനാൽ ടിയാൻ തൽസ്ഥാനത്ത് തുടരുന്നു. |
| (ബി) | ദേശീയ ഹരിത ട്രിബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ സെക്രട്ടറി, ചെയർമാൻ, ശാസ്ത്രജ്ഞർ എന്നീ തസ്തികകളിലെ നിയമനങ്ങൾക്ക് കേന്ദ്ര മലിനീകരണ ബോർഡിന് സമാനമായ രീതിയിൽ ചട്ടങ്ങൾ/ മാനദണ്ഡങ്ങൾ രൂപീകരിക്കാൻ നടപടി എടുക്കുമോ; വിശദമാക്കാമോ; | (ബി) | ദേശീയ ഹരിത ട്രിബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ, മെമ്പർ സെക്രട്ടറി എന്നീ തസ്തികകളിലെ നിയമനങ്ങൾക്ക് ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എറണാകുളത്ത് എടയാറിൽ പ്രവർത്തിക്കുന്ന കൊച്ചിൻ മിനറൽസ് റൂട്ടൈൽ ലിമിറ്റഡിന് 1993 മുതൽ 2007 വരെയും തുടർന്ന് 2009 വരെയും കേരള മലിനീകരണ നിയന്ത്രണ ബോർഡ് തന്നെ പ്രവർത്തനാനുമതിയിൽ നിഷ്കർഷിച്ചിരിക്കുന്ന ഘടകങ്ങളിൽ നിന്നും പരിസ്ഥിതിക്കും പൊതുജനാരോഗ്യത്തിനും ഹാനികരമായ മെർക്കുറി, ലെഡ്, സയനൈഡ്, കാഡ്മിയം, നിക്കൽ, സിങ്ക്, കോപ്പർ, മാംഗനീസ്, ടൈറ്റാനിയം എന്നിവ ഒഴിവാക്കിയത് പുനസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ; | (സി) | കാലാകാലങ്ങളിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിച്ചാണ് പ്രവർത്തനാനുമതിയിലെ ഘടകങ്ങൾ നിശ്ചയിക്കുന്നത്. 2007 കാലയളവിൽ ജനറൽ സ്റ്റാന്റേർഡ്സാണ് അനുമതി പത്രത്തിൽ നൽകിയിരുന്നത്. എന്നാൽ 2009 മുതൽ ഇൻഡസ്ട്രി സ്പെസിഫിക് സ്റ്റാന്റേർഡ് സാണ് നൽകി വരുന്നത്. മെർക്കുറി, ലെഡ്, സയനൈഡ്, കാഡ്മിയം, നിക്കൽ, സിങ്ക്, കോപ്പർ, മാംഗനീസ്, ടൈറ്റാനിയം എന്നീ ഘടകങ്ങൾ പുനഃസ്ഥാപിക്കാൻ സാധ്യതയുണ്ടോ എന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ഡി) | സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജീവനക്കാരുടെ സംഘടന, ബഹു.മുഖ്യമന്ത്രിയ്ക്ക് നൽകിയ നിവേദനത്തിൽ സത്യസന്ധരായ ജീവനക്കാരെ പീഡിപ്പിക്കുന്നതായും അഴിമതിക്കാരെ സംരക്ഷിക്കുന്നതായും ആരോപിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (ഡി) | സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജീവനക്കാരുടെ സംഘടന, ബഹു.മുഖ്യമന്ത്രിയ്ക്ക് നൽകിയ നിവേദനത്തിന്മേൽ ബോർഡിന്റെ റിപ്പോർട്ട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പരാതി ബോർഡ് പരിശോധിച്ചു വരികയാണ് എന്നാണ് മലിനീകരണ നിയന്ത്രണ ബോർഡ് അറിയിച്ചിട്ടുള്ളത്. |
| (ഇ) | 2016 സെപ്റ്റംബറിൽ പെരിയാറിലേക്ക് മലിനജലം ഒഴുക്കിയ കമ്പനിക്കെതിരെ വിശദീകരണം ചോദിച്ച ഉദ്യോഗസ്ഥനെതിരെ അതേദിവസം തന്നെ അന്വേഷണ കമ്മീഷനെ നിയമിച്ചത് ജലനിയമം സെക്ഷൻ 9- ന്റെ ലംഘനമല്ലേയെന്നും അക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ച എന്നും അറിയിക്കാമോ ; | (ഇ) | ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കാനല്ല മറിച്ച് നടന്ന സംഭവം അന്വേഷിക്കുന്നതിനാണ് ബോർഡ് കമ്മിറ്റിയെ നിയമിച്ചത്. 23-09-2016 ന് രാത്രിയിൽ നടന്ന സംഭവത്തിൽ ഉദ്യോഗസ്ഥൻ കമ്പനിക്ക് നോട്ടീസ് നൽകിയത് 26-09-2016 തീയതിയിലാണ്. അന്വേഷണ കമ്മീഷനെ നിയമിച്ചത് 27-09-2016 ന് ആണ്. കമ്മീഷനെ നിയമിക്കുന്നതിന് സമയപരിധി പറഞ്ഞിട്ടില്ലാത്തതിനാൽ ജല നിയമം സെക്ഷൻ 9 ന്റെ ലംഘനം നടന്നിട്ടില്ല എന്നാണ് മലിനീകരണ നിയന്ത്രണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. |
| (എഫ്) | ജലനിയമം സെക്ഷൻ.59, സെക്ഷൻ.4 എന്നിവപ്രകാരം ജീവനക്കാർക്ക് ഔദ്യോഗിക സംരക്ഷണം ഉറപ്പാക്കേണ്ട ചെയർമാൻ 2017 | (എഫ്) | ഇങ്ങനെയൊരു പരാതി കൊടുത്തിട്ടില്ല. അന്വേഷണ ഉദ്യോഗസ്ഥരുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ പുറമേ നിന്നുള്ള വ്യക്തികൾ ഈ |

| | | | |
|---|---|---|---|
| | ഏപ്രിൽ 23-ാം തീയതി കീഴ്-ജീവനക്കാരനെതിരെ പോലിസിൽ പരാതി കൊടുത്തതിന്റെ കാരണം വിശദമാക്കാമോ; | | സംഭവത്തിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് സംശയം ഉള്ളതിനാലാണ് ബോർഡിലെ അന്വേഷണ റിപ്പോർട്ട് തുടർ അന്വേഷണം നടത്തുന്നതിനായി പോലീസിന് കൈമാറിയത്. |
| (ജി) | ബോർഡ് ജീവനക്കാർക്ക് സത്യസന്ധമായും നിർഭയമായും പ്രവർത്തിക്കുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ജി) | ബോർഡ് ജീവനക്കാർക്ക് സത്യസന്ധമായും നിർഭയമായും പ്രവർത്തിക്കാനുള്ള സാഹചര്യങ്ങൾ സർക്കാർ ഉറപ്പുവരുത്തുന്നുണ്ട്. ബോർഡ് ജീവനക്കാർ എന്ന നിലയിൽ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായാൽ ബന്ധപ്പെട്ട വകുപ്പുമായി ചേർന്ന് നിലവിലുള്ള നിയമമനുസരിച്ച് നടപടികൾ കൈക്കൊള്ളുന്നതാണ്. |

**സെക്ഷൻ ഓഫീസർ**